# കേരളസർവകലാശാല

*Re-accredited by NAAC with A++ GRADE*

**നം. പി.ആർ. 13/2025** **തിരുവനന്തപുരം, തീയതി: 18/01/2025**


## പത്രക്കുറിപ്പ്

## പ്രൈവറ്റ് രജിസ്ട്രേഷൻ മുഖേനയുള്ള കോഴ്സുകൾക്ക് അപേക്ഷിക്കേണ്ട അവസാന തീയതി നീട്ടിയിരിക്കുന്നു

2024-2025 അക്കാദമിക വർഷത്തിലെ ബി.എ./ബി.കോം./ബി.എ. അഫ്സൽ-ഉൽ-ഉലാമ/ ബി.ബി.എ./ബി.കോം. അഡീഷണൽ ഇലക്ടീവ് കോ-ഓപ്പറേഷൻ/ബി.കോം. അഡീഷണൽ ഇലക്ടീവ് ട്രാവൽ ആന്റ് ടൂറിസം എന്നീ പ്രൈവറ്റ് രജിസ്ട്രേഷൻ മുഖേനയുള്ള കോഴ്സുകൾക്ക് അപേക്ഷിക്കേണ്ട അവസാന തീയതി 2025 ജനുവരി 31 വരെ നീട്ടിയിരിക്കുന്നു. ബി.എ./ബി.കോം./ബി.എ. അഫ്സൽ-ഉൽ-ഉലാമ/ബി.കോം. അഡീഷണൽ ഇലക്ടീവ് കോഴ്സുകൾക്ക് നിശ്ചിത ഫീസിനോടൊപ്പം 2625/- രൂപ പിഴയോടെയും ബി.ബി.എ. കോഴ്സിന് നിശ്ചിത ഫീസിനോടൊപ്പം 3150/- രൂപ പിഴയോടെയും അപേക്ഷിക്കാവുന്നതാണ്. അപേക്ഷയും അനുബന്ധ രേഖകളും അവസാന തീയതിക്കുള്ളിൽ കേരളസർവകലാശാലയിൽ സമർപ്പിക്കേണ്ടതാണ്. വിജ്ഞാപനത്തിന്റെ വിശദവിവരങ്ങൾ www.de.keralauniversity.ac.in, www.keralauniversity.ac.in എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാണ്.

## പരീക്ഷാഫലം

കേരളസർവകലാശാല 2023 ഡിസംബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബി.ടെക്. (2013 സ്കീം) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും, സൂക്ഷ്മപരിശോധനയ്ക്കും 2025 ജനുവരി 27 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in).

## പരീക്ഷ വിജ്ഞാപനം

കേരളസർവകലാശാലയുടെ മൂന്നാം സെമസ്റ്റർ ബി.എ./ബി.എസ്സി./ബി.കോം. ന്യൂജനറേഷൻ ഡബിൾ മെയിൻ (റെഗുലർ – 2023 അഡ്മിഷൻ, ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി – 2022 അഡ്മിഷൻ, സപ്ലിമെന്ററി – 2021, 2020 അഡ്മിഷൻ) ഫെബ്രുവരി 2025 ബിരുദ പരീക്ഷയുടെ വിജ്ഞാപനം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in).

## ക്ലാസുകൾ ആരംഭിക്കുന്നു

കേരളസർവകലാശാലയുടെ സി.ബി.സി.എസ്.എസ്/കരിയർ റിലേറ്റഡ് ബിരുദ പ്രോഗ്രാമുകളുടെ (റെഗുലർ - 2023 അഡ്മിഷൻ) നാലാം സെമസ്റ്റർ ക്ലാസുകൾ 2025 ജനുവരി 20 മുതൽ ആരംഭിക്കുന്നതാണ്.

## പ്രാക്ടിക്കൽ/വൈവവോസി

കേരളസർവകലാശാല 2024 ഡിസംബറിൽ നടത്തിയ അഞ്ചാം സെമസ്റ്റർ ബി.എ. ജേർണലിസം ആന്റ് മാസ് കമ്മ്യൂണിക്കേഷൻ ബിരുദ പരീക്ഷയുടെ പ്രാക്ടിക്കൽ/വൈവവോസി

2025 ജനുവരി 28 ന് അതാത് കേന്ദ്രങ്ങളിൽ വച്ച് നടത്തുന്നു. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in).

കേരളസർവകലാശാല 2024 ഡിസംബറിൽ നടത്തിയ അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. ബി.എസ്സി. പരീക്ഷയുടെ കെമിസ്ട്രി പ്രാക്ടിക്കൽ 2025 ഫെബ്രുവരി 06 മുതൽ വിവിധ കോളേജുകളിൽ ആരംഭിക്കുന്നു. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in).

## ടൈംടേബിൾ

കേരളസർവകലാശാല 2024 ഒക്ടോബറിൽ നടത്തിയ ആറാം സെമസ്റ്റർ ബി.ടെക്. (സപ്ലിമെന്ററി – 2013 സ്കീം), (സെഷണൽ ഇംപ്രൂവ്മെന്റ് – 2008 & 2013 സ്കീം), യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ് കാര്യവട്ടത്തെ സപ്ലിമെന്ററി വിദ്യാർത്ഥികൾ (2017 അഡ്മിഷൻ വരെ) പരീക്ഷ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in).

## സൂക്ഷ്മപരിശോധന

കേരളസർവകലാശാല 2024 ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ ബി.എ. ഓണേഴ്സ് ഇൻ ഇംഗ്ലീഷ് ലാംഗേജ് ആന്റ് ലിറ്ററേച്ചർ ബിരുദ പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡും പ്രസ്തുത പരീക്ഷയുടെ ഹാൾടിക്കറ്റുമായി 2025 ജനുവരി 23 മുതൽ 30 വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ EJ - III സെക്ഷനിൽ ഹാജരാകേണ്ടതാണ്.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ–ചാർജ്)

**E-mail:** For queries helpdesk@keralauniversity.ac.in/
**website:** www.keralauniversity.ac.in

*University information is available on* **9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**